**പാലക്കാട് തദ്ദേശസ്വയംഭരണവകുപ്പ് ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2)**
**കൺവീനറുടെ നടപടിക്രമം**
(ഹാജർ: കെ സതീഷ് കുമാർ)

സംഗ്രഹം:- തദ്ദേശസ്വയംഭരണ വകുപ്പ്- പാലക്കാട് ജില്ല-ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2)- തീരുമാനം സംബന്ധിച്ച്

പരാമർശം:- 1. പ്രസിഡന്റ്, മുഹയുദീൻ ജുമാ മസ്ജിദ് മദ്രസ & മഹല്ല് കമ്മിറ്റി എന്നവർ നവകേരള സദസ് മുമ്പാകെ നൽകിയ പരാതി

2. ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2)യുടെ 18/01/2024 തിയതിയിലെ തീരുമാനം

**<u>ഉത്തരവ് നമ്പർ: LSGD/JD/PKD/6384/2023-I2 തീയ്യതി: 19/01/2024</u>**

പ്രസിഡന്റ്, മുഹയുദീൻ ജുമാ മസ്ജിദ് മദ്രസ & മഹല്ല് കമ്മിറ്റി, പന്നിക്കോട് എന്നവർ നവകേരള സദസ് മുമ്പാകെ, - "ഇസ്ലാമിക് ലൈബ്രറി & മദ്രസ്സ ഹാൾ എന്ന പുതിയ നാമധേയത്താൽ അനുവദനീയമായ നിർമ്മാണ ചട്ടങ്ങൾ പാലിച്ചുകൊണ്ട് കെട്ടിടം പുനർ നിർമ്മാണം കഴിഞ്ഞ് നാല് വർഷമായി മഹല്ലിലെ മറ്റ് വഹകളെ അപേക്ഷിച്ച് ഭീമമായ സംഖ്യയാണ് ഈ കെട്ടിടത്തിന് നികുതിയായി വരുന്നത് എന്നും, ഈ കെട്ടിടത്തെ ആരാധനാലയം വിഭാഗത്തിലേക്ക് മാറ്റി, നികുതി സംഖ്യയിൽ ഇളവ് നൽകാൻ വേണ്ട നടപടികൾ അടിയന്തരമായി കൈക്കൊള്ളണമെന്ന് ഇതിനാൽ അപേക്ഷിക്കുന്നു." - എന്ന് അപേക്ഷിച്ചിട്ടുണ്ട്. ഈ പരാതി പരിശോധിച്ചു. പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും വിശദമായ റിപ്പോർട്ട് ലഭ്യമാക്കി. നിലവിൽ കെട്ടിടത്തിനു ഇസ്ലാമിക് ലൈബ്രറി(അസംബ്ലി കെട്ടിടം) എന്ന നിലയിലാണ് കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ളത്. ടി കെട്ടിടം ആരാധനാലയം എന്ന ഒക്കുപ്പൻസിയിലേക്ക് മാറ്റുന്നതിന് ജില്ലാ കലക്ടറുടെ അനുമതിയടക്കം അപേക്ഷയും അനുബന്ധരേഖകളും സമർപ്പിക്കേണ്ടതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. അപേക്ഷകർ പഞ്ചായത്തിൽ ഇതു പ്രകാരമുള്ള അപേക്ഷ സമർപ്പിക്കേണ്ടതും, ആരാധനായത്തിനു നമ്പർ അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ അനുസരിച്ച് നികുതി ഇളവ് അനുവദിക്കാൻ കഴിയുന്നതാണെങ്കിൽ അപ്രകാരം അനുവദിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു. അപേക്ഷകരിൽ നിന്നും ന്യൂനത പരിഹരിച്ച് പുതിയ അപേക്ഷ ലഭിക്കുന്ന മുറക്ക്, 30 ദിവസത്തിനകം നടപടി സ്വീകരിക്കുന്നതിനു സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

കെ സതീഷ് കുമാർ
ഇന്റേണൽ വിജിലൻസ് ഓഫീസർ
തദ്ദേശസ്വയംഭരണവകുപ്പ്, പാലക്കാട്

പകർപ്പ്: പ്രസിഡന്റ്, മുഹയുദീൻ ജുമാ മസ്ജിദ് മദ്രസ & മഹല്ല് കമ്മിറ്റി, പന്നിക്കോട്.